week-5

# Does Freedom have boundaries ?




## (സ്വാതന്ത്ര്യത്തിന് അതിരുകളോ?)

പ്രകൃതിക്ഷോഭം മൂലം കടൽ പ്രക്ഷുബ്ദമായ സാഹചര്യത്തിൽ കുളിക്കുവാൻ കടലിൽ ഇറങ്ങരുതെന്നുള്ള മുന്നറിയിപ്പ് അവഗണിച്ച്, കടലിൽ ഇറങ്ങി മരണത്തിനിരയായ അഞ്ച് യുവാക്കളുടെ ദാരുണ അന്ത്യം നമ്മെ നടുക്കിയ ഒരു സംഭവമായിരുന്നു. ഏതു പ്രവർത്തിയും ചെയ്യുവാൻ വിദ്യാസമ്പന്നരായ തങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടെന്നുള്ള ചിന്തയല്ലേ അവരെ അപകടത്തിനിരകളാക്കിയത്. അനുസരണക്കേടല്ല , സ്വാതന്ത്ര്യം എന്ന് മറക്കരുത്.എന്തും ചെയ്യുവാനും എന്തും പറയുവാനും കഴിയുന്നതാണ് സ്വാതന്ത്ര്യം എന്നാണ് ഇന്ന് പലരുടേയും ധാരണ. ഈ ചിന്ത സ്വാതന്ത്ര്യത്തെ അപകടത്തിലേക്ക് നയിക്കുന്നു. സ്വാതന്ത്ര്യം പ്രാപിച്ചു എന്ന് പ്രഖ്യാപിക്കുന്ന രാഷ്ട്രങ്ങളിലാണ്, സ്വാതന്ത്ര്യം ലഭ്യമാകാത്ത രാജ്യങ്ങളേക്കാൾ അക്രമവും , അനീതിയും , അഴിമതിയും നടമാടുന്നത്. നമുക്കു ലഭിച്ച സ്വാതന്ത്ര്യം മറ്റുള്ളവരുടേയും കൂടി നന്മയ്ക്കായി ഉപയോഗിച്ചാൽ മാത്രമേ സ്വാതന്ത്ര്യം സംശുദ്ധമാകുകയുള്ളൂ. എല്ലാ അതിരുകളും ലംഘിച്ചുള്ള സ്വാതന്ത്ര്യത്തിന്റെ ദുർവിനിയോഗമാണ് രാജ്യത്തുടനീളം നാം കാണുന്നത്. വേലി തന്നെ വിളവ് തിന്നുന്നു. നിയമവും , കോടതിയും എല്ലാം സ്വാതന്ത്ര്യം അനുഭവിഷാൻ സഹായിക്കുന്നതിനു പകരം പലപ്പോഴും അതിരുകൾ ലംഘിക്കുന്ന ഘടകങ്ങളാകുന്നു. വ്യക്തി സ്വാതന്ത്ര്യം മറ്റുള്ളവർക്ക് ദോഷമാകാതെ സൂക്ഷിച്ചാൽ അതിരുകളെ നിലനിർത്തുവാൻ നമുക്ക് കഴിയും.

ദൈവജനം മിസ്രേമിൽ എത്തിയത് യോസഫിന്റെ കാലത്തായിരുന്നു. എന്നാൽ ആ കാലത്തിനു ശേഷം ഭരണവ്യവസ്ഥ മാറിയപ്പോൾ

യിസ്രായേൽ ജനം കഷ്ടത്തിലായി . അവർ യഹോവയോട് നിലവിളിച്ചു. നിലവിളി കേട്ട ദൈവം അവരെ മിസ്രേമ്യ അടിമത്വത്തിൽ നിന്നും സ്വതന്ത്രരാക്കുവാൻ മോശയേയും അഹരോനെയും അവരുടെ അടുക്കലേക്കയച്ചു. മരുഭൂമിയിൽ കൂടി നടന്ന് കനാനിലെത്തേണ്ട ജനത്തിന് വഴി തെറ്റാതിരിപ്പാൻ മോശമുഖാന്തിരം കല്പനകൾ അവർക്ക് നൽകി. ഈ പത്തു കല്പനകൾ ധാർമ്മികതയുടെ കേന്ദ്രബിന്ദുക്കളാണ്. ഇതാണ് പഴയ നിയമ യിസ്രായേലിന് ദൈവം നൽകിയ സ്വാതന്ത്ര്യത്തിന്റെ അതിരുകൾ.

പുതിയനിയമ യിസ്രായേലിനും ഈ പത്തുകല്പനകൾ ആശ്വാസ്യമാണ്. ഇത് അംഗീകരിക്കുന്നവരും അനുസരിക്കുന്നവരും സ്വാതന്ത്ര്യത്തിന്റെ അതിരുകൾ സൂക്ഷിക്കുന്നവരാണ്. അപ്പോസ്തോലനായ പൌലോസ് താൻ ദൈവത്തിന്റെ ദാസൻ അഥവാ ബന്ധനത്തിൻ കീഴിലുള്ള അടിമ എന്ന് സ്വയം വിശേഷിപ്പിക്കുന്നു. സാത്താന്റെ അടിമ നുകത്തിൻ കീഴിൽ നിന്ന് ദൈവം അവന് സ്വാതന്ത്ര്യം നൽകിയിട്ടും ദൈവത്തിന്റെ അടിമയായിത്തന്നെ ജീവിപ്പാൻ ആണ് പൌലോസ് ആഗ്രഹിച്ചത് . സ്വതന്ത്രനായ ദാസൻ സ്വാതന്ത്ര്യം സൂക്ഷിച്ചാൽ അവന് ക്രിസ്തുവിന്റെ ചൂടടയാളം ലഭിക്കുന്നു. ചൂടടയാളം ലഭിച്ചവന് യജമാനൻ വരുമ്പോൾ പ്രതിഫലവും ലഭിക്കുന്നു.

പ്രീയരേ ! അവന്റെ വചനമാണ് നമ്മുടെ അതിരുകൾ, അതിരുകൾക്കുള്ളിൽ ജീവിച്ചാൽ നമ്മുടെ സ്വാതന്ത്രം മറ്റുള്ളവർക്കും അനുഗ്രഹമാകുന്നു. സ്വാതന്ത്ര്യത്തിന്റെ അതിരുകളെ കാത്തുസൂക്ഷിച്ച് ക്രിസ്തുവിന്റെ പടയാളികളായി ജീവിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രാർത്ഥന

പ്രീയപിതാവേ ! ആത്മീയ സ്വാതന്ത്രം പ്രാപിച്ചവരായിത്തീരുവാൻ , വചനം ഞങ്ങൾക്ക് തന്നതിനായി സ്തോത്രം. വചനത്തിലൂടെ സ്വാതന്ത്രത്തിന്റെ അതിരുകൾ മനസ്സിലാക്കി അതിനനുസരിച്ച് ജീവിച്ച് അങ്ങയിൽ നിന്ന് പ്രതിഫലം പ്രാപിപ്പാൻ ഞങ്ങളെ യോഗ്യരാക്കേണമേ,

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind